# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2020 ഓഗസ്റ്റ് 19

# വാർത്താക്കുറിപ്പ്

## പരീക്ഷഫലം

2020 ജനുവരിയിൽ നടന്ന മൂന്നാം സെമസ്റ്റർ ബി .പി.എഡ്.(2018 അഡ്മിഷൻ റഗുലർ , 2015 അഡ്മിഷൻ മുതൽ സപ്ലിമെന്ററി ) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു . പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും സെപ്റ്റംബർ മൂന്നു വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/820/2020)

2019 നവംബറിൽ നടന്ന ബി .ടെക്. സ്പെഷൽ സപ്ലിമെന്ററി പരീക്ഷയുടെ (പഴയ സ്കീം, 2008, 2009 അഡ്മിഷൻ/2010 മുതലുള്ള അഡ്മിഷൻ) ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/821/2020)

## കോളജുകൾക്ക് ഓണാവധി ഓഗസ്റ്റ് 27 മുതൽ സെപ്റ്റംബർ ആറു വരെ

മഹാത്മാഗാന്ധി സർവകലാശാലയ്ക്കു കീഴിലുള്ള അഫിലിയേറ്റഡ് കോളജുകൾ ഓണാവധിക്കായി ഓഗസ്റ്റ് 27ന് വൈകിട്ട് അടയ്ക്കും. അവധിക്കുശേഷം സെപ്റ്റംബർ ഏഴിന് തുറക്കുമെന്ന് രജിസ്ട്രാർ അറിയിച്ചു.

(പി.ആർ.ഒ/39/822/2020)

## എം.ജിയിൽ സദ്ഭാവന ദിന പ്രതിജ്ഞ

രാജ്യത്തിന്റെ മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ ജന്മദിനമായ ഇന്ന് (ഓഗസ്റ്റ് 20ന്) സദ്ഭാവന ദിനമായി ആഘോഷിക്കുന്നതിന്റെ ഭാഗമായി മഹാ ത്മാഗാന്ധി സർവകലാശാലയിൽ സദ്ഭാവനദിന പ്രതിജ്ഞ നടക്കും . രാവിലെ 11ന് ഭര ണവിഭാഗം മന്ദിരത്തിലെ ചത്വരത്തിലാണ് പരിപാടി നടക്കുക . കോവിഡ് 19 പ്രോട്ടോക്കോൾ പാലിച്ചാണ് പ്രതിജ്ഞ നടക്കുക.

(പി.ആർ.ഒ/39/823/2020)

## ദേശീയ വിദ്യാഭ്യാസ നയം:

## വെബിനാർ ഓഗസ്റ്റ് 25ന്

ദേശീയ വിദ്യാഭ്യാസ നയത്തെക്കുറിച്ച് മഹാത്മാഗാന്ധി സർവകലാശാല സംഘടിപ്പിക്കുന്ന വെബിനാർ ഓഗസ്റ്റ് 25ന് വൈകിട്ട് അഞ്ചിന് നടക്കും. മുൻ വിദ്യാഭ്യാസ വകുപ്പ് മന്ത്രി പി.ജെ. ജോസഫ്, ദേശീയവിദ്യാഭ്യാസ നയ രൂപീകരണ സമിതി സെക്രട്ടറി ഡോ. ഷക്കീല ടി. ഷംസു, കേരള ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ, കേരള ചരിത്രഗവേഷണ കൗൺസിൽ ഡയറക്ടർ പ്രൊഫ. പി. സനൽ മോഹൻ, ഐസർ എമിരറ്റസ് പ്രൊഫസറും ശാസ്ത്ര - സാങ്കേതിക- പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടീവ് മുൻ വൈസ് പ്രസിഡന്റുമായ പ്രൊഫ. സുരേഷ് ദാസ് എന്നിവർ സംസാരിക്കും. സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് മോഡറേറ്ററാകും. വെബെക്സ് വഴി നടക്കുന്ന വെബിനാറിൽ 1000 പേർക്ക് പങ്കെടുക്കാം. https://mgu.webex.com/mgu/j.php?MTID=me9b2d8eb52b50afaae8e53cd800dcfe3 എന്ന ലിങ്കിലൂടെ വൈകിട്ട് 4.50ന് വെബിനാറിൽ പങ്കെടുക്കാം.

(പി.ആർ.ഒ/39/824/2020)

## സാമൂഹിക ശാസ്ത്രത്തിലെ രീതിശാസ്ത്രം

## വിപുലപ്പെടുത്തണം: ഡോ. സോയിബാം ഹരിപ്രിയ

സാമൂഹികമായ ഇടങ്ങൾ നിരന്തരം അക്രമിക്കപ്പെടുന്നതിനാൽ സാമൂഹിക ശാസ്ത്രത്തിലെ രീതിശാസ്ത്രത്തെ സമഗ്രമായ പഠനത്തിന് വിധേയമാക്കേണ്ടതുണ്ടെന്നും വിപുലപ്പെടുത്തേണ്ടതുണ്ടെന്നും ബെൽജിയം ഗെന്റ് സർവകലാശാലയിലെ ഡോ. സോയിബാം ഹരിപ്രിയ പറഞ്ഞു. മഹാത്മാഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സോഷ്യൽ സയൻസ് റിസർച്ച് ആൻഡ് എക്സ്റ്റെൻഷൻ 'പോയട്രി, ഡെത്ത് ആൻഡ് മേക്കിങ് ഓഫ് ദി സോഷ്യൽ' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ഓൺലൈൻ പ്രത്യേക പ്രഭാഷണ പരിപാടിയിൽ സംസാരിക്കുകയായിരുന്നു അവർ. അക്രമാസക്തമായ സാമൂഹിക ഇടങ്ങളെക്കുറിച്ചുള്ള പുതിയരീതി ശാസ്ത്ര പഠനങ്ങൾക്ക് കവിതയടക്കമുള്ള സാംസ്കാരിക ഇടപെടലുകൾ ഊർജമേകും. അക്രമാസക്തമായ സാമൂഹിക ഇടങ്ങളെക്കുറിച്ചുള്ള പുതിയ നരവംശീയശാസ്ത്രം രൂപപ്പെടേണ്ടതുണ്ടെന്നും സോയിബാം ഹരിപ്രിയ പറഞ്ഞു. ഐ.യു.സി.എസ്.എസ്.ആർ.ഇ. ഡയറക്ടർ പ്രൊഫ. കെ.എം. സീതി, ഡോ. മാത്യു വർഗീസ് എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ/39/825/2020)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ